**വിവരാവകാശം / മറുപടി**

നമ്പർ: E8-33599/17

സാമൂഹ്യനീതി ഡയറക്ടറേറ്റ്
വികാസ്ഭവൻ, തിരുവനന്തപുരം,
തീയതി : 20.10.2017.

സ്റ്റേറ്റ് ഇൻഫർമേഷൻ ഓഫീസർ,
സാമൂഹ്യനീതി വകുപ്പ്,
തിരുവനന്തപുരം.

ശ്രീ. തോമസ് കൊച്ചുമ്മൻ,
ജിനു ഭവനം,
മാനാമ്പുഴ പി.ഒ
കടമ്പനാട് സൗത്ത്,
കുന്നത്തൂർ, കൊല്ലം.

സർ,

വിഷയം: സാമൂഹ്യനീതി വകുപ്പ് - വിവരാവകാശനിയമപ്രകാരമുള്ള മറുപടി നൽകുന്നത് - സംബന്ധിച്ച്-

സൂചന: 23.9.2017ൽ വിവരാവകാശ നിയമപ്രകാരം താങ്കൾ ഈ കാര്യാലയത്തിൽ സമർപ്പിച്ച അപേക്ഷ.

വിവരാവകാശ നിയമ പ്രകാരമുള്ള ചോദ്യങ്ങൾക്കുള്ള മറുപടി ചുവടെ ചേർക്കുന്നു.

1. സാമൂഹ്യനീതി വകുപ്പിൻ കീഴിൽ നിലവിൽ 112 ലൈറ്റ് ഡ്യൂട്ടി വാഹനങ്ങൾ ഉപയോഗിച്ചു വരുന്നുണ്ട്.
2. സാമൂഹ്യനീതി വകുപ്പിൻ കീഴിൽ 30.9.2017 പ്രാബല്യത്തിൽ 27 ഡ്രൈവർ ഗ്രേഡ് -2 തസ്തികകൾ ഉണ്ട്.
3. സാമൂഹ്യനീതി വകുപ്പിന് കീഴിൽ 29 ഡ്രൈവർ തസ്തിക ഒഴിവുണ്ട്. അതിൽ 27 എണ്ണം ICDS പദ്ധതികളിലും 2 എണ്ണം ജില്ലാ സാമൂഹ്യനീതി ഓഫീസിലുമാണ്.
4. ടി തസ്തികയിൽ വകുപ്പിന് കീഴിൽ 83 സ്ഥിര നിയമന എൽ.ഡി.വി ഡ്രൈവർമാർ നിലവിലുണ്ട്.
5. 27 ഒഴിവുകൾ ICDS പദ്ധതിയുടെ ഭാഗമാണ്. 2.4.2003ലെ FN-1-312002(1)-1(VOL.II) നമ്പർ കത്ത് പ്രകാരം ICDS പദ്ധതികളിൽ ഡ്രൈവർ തസ്തികയിൽ ഒഴിവ് ഉണ്ടാകുന്ന മുറയ്ക്ക് തസ്തികകൾ നിർത്തലാക്കണമെന്ന് കേന്ദ്ര ഗവൺമെന്റ് നിർദ്ദേശം ഉണ്ട്. 2 ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ സ്വീകരിച്ചു വരുന്നു.
6. 2 ഒഴിവുകൾ പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്യുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

*db@15*

7. വകുപ്പിന് കീഴിൽ ICDS പദ്ധതികളിൽ ഡ്രൈവർ സേവനം അത്യാവശ്യ ഘട്ടങ്ങളിൽ ദിവസ വേതനാടിസ്ഥാനത്തിൽ അതാത് കാര്യാലയമേധാവികൾ ഡ്രൈവർമാരെ നിയമിക്കാറുണ്ട്.

8. ജില്ലാ സാമൂഹ്യനീതി ഓഫീസിലെ ഡ്രൈവർ തസ്തികയിലെ ഒഴിവുകൾ പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്യുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

9. സാമൂഹ്യനീതി വകുപ്പിൻ കീഴിലെ ഡ്രൈവർ തസ്തികയിൽ ഒഴിവ് സാമൂഹ്യനീതി ഡയറക്ടർ പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്യുകയാണ് ചെയ്യുന്നത്.

10. വകുപ്പിനു കീഴിൽ 112 ലൈറ്റ് ഡ്യൂട്ടി വാഹനങ്ങൾ സർക്കാർ ഉടമസ്ഥതയിൽ ഉള്ളതാണ്. അതോടൊപ്പം 108 കരാർ വാഹനങ്ങൾ വിവിധ ഓഫീസുകളിലായി ഉപയോഗിച്ചു വരുന്നു.

11. സാമൂഹ്യനീതി വകുപ്പിന് കീഴിൽ 2021 മാർച്ച് 31നുള്ളിൽ ഡ്രൈവർ ഗ്രേഡ്-2 തസ്തികയിൽ വിരമിക്കൽ മൂലം ഉണ്ടാകാനിടയുള്ള ഒഴിവുകൾ 22 എണ്ണം

താങ്കൾ ഈ മറുപടിയിൽ തൃപ്തനല്ലെങ്കിൽ മറുപടി ലഭ്യമായി 30 ദിവസത്തികം അപ്പലേറ്റ് അതോറിറ്റിയായ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, സാമൂഹ്യനീതി ഡയറക്ടറേറ്റ്, വികാസ്ഭവൻ, തിരുവനന്തപുരം എന്ന മേൽവിലാസത്തിൽ അപ്പീൽ അപേക്ഷ സമർപ്പിക്കാവുന്നതാണ്.

വിശ്വസ്തതയോടെ,

**എസ്.എൽ.ശ്യാംശങ്കർ**
സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ
സാമൂഹ്യനീതി വകുപ്പ്

db@15